എ. ശ്രീധരമേനോൻ

1

ഇന്ത്യാ ചരിത്രം

'പാശ്ചാത്യനാഗരികതയുടെ അധ്യേതാക്കൾ വിദൂരപൂർവ്വദേശത്തെ സംസ്കാരങ്ങളെ അവഗണിക്കുന്നതിനുള്ള ഒരു പ്രവണത കാട്ടാറുണ്ട്. ലോകകാര്യങ്ങളുടെ ഇന്നത്തെ പോക്കു കാണുമ്പോൾ വിദൂരപൂർവ്വദേശത്തെ ജനങ്ങളുടെ സാംസ്കാരികപശ്ചാത്തലത്തെപ്പറ്റി വിശദമായി ഗ്രഹിച്ചിരിക്കേണ്ടത് അത്യാവശ്യമായിത്തീർന്നിട്ടുമുണ്ട്.'

– ജെയിംസ് എഡ്ഗാർ സ്വെയ്ൻ

ചരിത്രാതീതകാലംമുതൽ മുഗൾസാമ്രാജ്യസ്ഥാപനംവരെയുള്ള ഇന്ത്യയുടെ സംഭവബഹുലമായ ചരിത്രം വസ്തുനിഷ്ഠമായും സമഗ്രമായും ലളിതവുമായി ആവിഷ്കരിക്കുന്ന 'ഇന്ത്യാചരിത്ര'ത്തിന്റെ ഒന്നാംഭാഗം ചരിത്രവിദ്യാർത്ഥികൾക്കുള്ള ഒരു അടിസ്ഥാനഗ്രന്ഥം തന്നെയാണ്.

കവർ ഡിസൈൻ: ബി. പ്രിയരഞ്ജൻലാൽ

ഡിസി ബുക്സ്
www.dcbooks.com
ചരിത്രം
ISBN 978-81-264-1939-5
00008
9 788126 419395
E-book available
₹ 250

1

എ. ശ്രീധരമേനോൻ

954 SRE/I
915

dcb

1

ഇന്ത്യാ ചരിത്രം

എ. ശ്രീധരമേനോൻ

954 SRE/I
CASMTVK
915

dcb

915

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 915 Call No.

This book should be returned on or before the date last given below.

NT II
26/2/18 15/37
15 SEP 2018

Library TVK
15*

954 SRE/I
CASMTVK
915

പ്രൊഫ. എ. ശ്രീധരമേനോൻ
(1925–2010)

1925 ഡിസംബർ 18-ന് എറണാകുളത്ത് ജനനം. മദ്രാസ് സർവ്വകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെ ചരിത്രത്തിൽ എം. എ. ബിരുദം. ഹാർവാർഡ് സർവ്വകലാശാലയിൽനിന്ന് ഇന്റർനാഷണൽ റിലേഷൻസിൽ സ്പെഷ്യലൈസേഷനോടെ രാഷ്ട്രതന്ത്രത്തിൽ ബിരുദാനന്തര ബിരുദം. കേരള സംസ്ഥാന ഗസറ്റിയേഴ്സ് എഡിറ്റർ (1958–'68), കേരള സർവ്വകലാശാലയുടെ രജിസ്ട്രാർ (1968–'77), കാലിക്കറ്റ് സർവ്വകലാശാലയിൽ യു ജി സി വിസിറ്റിങ് പ്രൊഫസർ (1978–'79). 1980-ൽ ഔദ്യോഗികജീവിതത്തിൽനിന്ന് വിരമിച്ചു. ദക്ഷിണേന്ത്യൻ ചരിത്ര കോൺഗ്രസ്സിന്റെ അദ്ധ്യക്ഷപദവി വഹിച്ചു. *A Survey of Kerala History, Kerala and Freedom Struggle, Cultural Heritage of Kerala, കേരളചരിത്രം, കേരളസംസ്കാരം* തുടങ്ങി ഇരുപത്തിയഞ്ചിലേറെ കൃതികൾ. 2010 ജൂലൈയിൽ നിര്യാതനായി.

പ്രൊഫ. എ. ശ്രീധരമേനോന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

കേരളചരിത്രശില്പികൾ
കേരളവും സ്വാതന്ത്ര്യസമരവും
സ്വതന്ത്രതിരുവിതാംകൂർ വാദവും സർ സി. പി. എന്ന വില്ലനും—
    വിട്ടുപോയ കണ്ണികൾ
അമേരിക്കൻ മോഡൽ അറബിക്കടലിൽ
സർ സി.പി. തിരുവിതാംകൂർ ചരിത്രത്തിൽ
സർ സി.പി.യും സ്വതന്ത്രതിരുവിതാംകൂറും ചരിത്രരേഖകളിലൂടെ
പുന്നപ്രവയലാറും കേരളചരിത്രവും
കേരളചരിത്രം
കേരളസംസ്കാരം
കേരളരാഷ്ട്രീയചരിത്രം (1885–1957)
ഇന്ത്യാചരിത്രം – 1
ഇന്ത്യാചരിത്രം – 2
Kerala and Freedom Struggle
Triumph and Tragedy in Travancore
A Survey of Kerala History
Cultural Heritage of Kerala
Kerala History and Its Makers
The Legacy of Kerala
Political History of Modern Kerala

പ്രൊഫ. എ. ശ്രീധരമേനോൻ

ഇന്ത്യാചരിത്രം – 1

ഡി സി ബുക്സ്

College Of Avian Sciences &
LIBRARY

MALAYALAM LANGUAGE
Indiācharithram Part-1

ACADEMIC/HISTORY
by Prof. A. Sreedhara Menon

Rights Reserved
First Published 1971
First DCB Edition April 2008
This edition - June 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sreedhara Menon, A.
Indiacharithram-1/ A. Sreedhara Menon.
328p., 21cm.
ISBN 978-81-264-1939-5.
1. History. 2. India. I. Title.
954-dc 22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-1939-5

Printed in India
at D C Press, Kottayam, INDIA

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 250.00

219/16-17-Sl.No. 15471-dcb 3809-(8)2000-5793-06-16-Itc. 17.0-p sc-r(t) pp-d(t) rk

ഇന്ത്യാചരിത്രം – 1

ഉള്ളടക്കം

അദ്ധ്യായം 1 പ്രാചീന ഇന്ത്യാചരിത്രത്തിന്റെ പ്രാധാന്യം 13

സാംസ്കാരിക പൈതൃകം - മതസ്വാതന്ത്ര്യം - 'നാനാത്വത്തിൽ ഏകത്വം' - സാമൂഹ്യ വ്യവസ്ഥിതി - ധാർമ്മികമൂല്യങ്ങൾ

അദ്ധ്യായം 2 ഭൂമിശാസ്ത്രഘടകം 17

ഭൂമിശാസ്ത്രപരമായ നില - ഭൂവിഭാഗങ്ങൾ - പർവ്വതങ്ങളും മലകളും - നദികൾ - സമുദ്രതീരം - കാലാവസ്ഥയും മറ്റും - പ്രകൃതിസമ്പത്ത് - ഭൂമിശാസ്ത്രപരമായ ഐക്യം

അദ്ധ്യായം 3 പ്രാചീന ഇന്ത്യാചരിത്ര നിർമ്മാണം 24

ചരിത്രസാമഗ്രികൾ - സാഹിത്യം - ഭൗതികാവശിഷ്ടങ്ങൾ - ചരിത്രബോധം

അദ്ധ്യായം 4 ചരിത്രാതീതകാലത്തെ സംസ്കാരങ്ങൾ 30

ശിലായുഗങ്ങൾ - പുരാതനശിലായുഗം - നവീനശിലായുഗം - ശിലാ-താമ്രയുഗം - താമ്രയുഗം - ബലൂചിസ്ഥാനിലെ ഗ്രാമീണസംസ്കാരം

അദ്ധ്യായം 5 സിന്ധുതടസംസ്കാരം (ഹാരപ്പസംസ്കാരം) 35

സിന്ധുതടസംസ്കാരത്തിന്റെ കാലവും വ്യാപ്തിയും - സിന്ധുതടസംസ്കാരത്തിന്റെ സവിശേഷതകൾ - നഗരാസൂത്രണം - സാമൂഹ്യജീവിതം - മതം - ലിപി - കലകൾ - സിന്ധുസംസ്കാരത്തിന് മറ്റു സംസ്കാരങ്ങളുമായിട്ടുണ്ടായിരുന്ന ബന്ധം - സിന്ധു സംസ്കാരം നശിക്കുവാനുണ്ടായ കാരണങ്ങൾ - ദ്രാവിഡന്മാർ - ദ്രാവിഡന്മാരുടെ ജന്മദേശം - ദ്രാവിഡസംസ്കാരവും ജീവിതരീതിയും

അദ്ധ്യായം 6 വേദകാലം 45

ആര്യന്മാരുടെ ജന്മദേശം - വേദസാഹിത്യം - ഋഗ്വേദകാലത്തെ സംസ്കാരവും ജീവിതരീതിയും - ഋഗ്വേദസംസ്കാരത്തിന്റെ കേന്ദ്രസ്ഥാനം - രാഷ്ട്രീയസ്ഥിതി - സാമൂഹ്യ വ്യവസ്ഥ - രാഷ്ട്രീയഘടന - സാമ്പത്തികസ്ഥിതി - ഋഗ്വേദകാലത്തെ മതം - പില്ക്കാലത്തുണ്ടായ മാറ്റങ്ങൾ - പി.ജി.ഡബ്ലിയു. സംസ്കാരം - വേദകാലത്തെ പൊതുവേയുള്ള സാംസ്കാരിക വികാസം - ഇതിഹാസങ്ങൾ - ഇതിഹാസകൃതികളുടെ കാലത്തെ ജനജീവിതവും സംസ്കാരവും

അദ്ധ്യായം 7 ജൈന-ബുദ്ധ മതങ്ങൾ 57

പുതിയ മതങ്ങളുടെ ആവിർഭാവത്തിനുള്ള കാരണങ്ങൾ - ജൈനമതത്തിന്റെ ആവിർഭാവം - വർദ്ധമാന മഹാവീരൻ - ജൈനമതതത്ത്വങ്ങൾ - ജൈനമതത്തിന്റെ

വളർച്ച - ജൈനമതം ക്ഷയിക്കാനുണ്ടായ കാരണങ്ങൾ - ജൈനമതത്തിന്റെ സംഭാവനകൾ - ഗൗതമബുദ്ധൻ - ബുദ്ധമതതത്ത്വങ്ങൾ - ബുദ്ധമതത്തിന്റെ വളർച്ച യ്ക്കുള്ള കാരണങ്ങൾ - ബുദ്ധമതം ക്ഷയിക്കാനുള്ള കാരണങ്ങൾ - ബുദ്ധമത ത്തിന്റെ പ്രാധാന്യവും സ്വാധീനവും - ബുദ്ധന്റെ കാലത്തെ രാഷ്ട്രീയ ഘടനയും സാമൂഹ്യജീവിതവും.

അദ്ധ്യായം 8 പേർസ്യൻ-ഗ്രീക്ക് ആക്രമണങ്ങൾ 73
പേർസ്യയും ഇന്ത്യയും തമ്മിലുള്ള പ്രാചീനബന്ധങ്ങൾ - പേർസ്യൻ ആക്രമണ ത്തിന്റെ ഫലങ്ങൾ - അലക്സാണ്ടറുടെ ആക്രമണത്തിന്റെ ഉദ്ദേശ്യം - ഉത്തരേന്ത്യ യിലെ അന്നത്തെ രാഷ്ട്രീയ സ്ഥിതി - അലക്സാണ്ടറുടെ പടയോട്ടങ്ങൾ - അല ക്സാണ്ടറുടെ ആക്രമണത്തിന്റെ ഫലങ്ങൾ

അദ്ധ്യായം 9 മഗധത്തിന്റെ ഉയർച്ചയും വളർച്ചയും - മൗര്യകാലം 79
ബി.സി. 6-ാം ശതാബ്ദത്തിൽ ഉത്തരേന്ത്യയുടെ രാഷ്ട്രീയഘടന - മഗധത്തിലെ ആദ്യകാല രാജവംശങ്ങൾ - നന്ദരാജവംശം - മഗധത്തിന്റെ വിജയത്തിനുള്ള കാര ണങ്ങൾ - മൗര്യകാലത്തെ ചരിത്രസാമഗ്രികൾ - ചന്ദ്രഗുപ്തമൗര്യൻ - ചന്ദ്രഗു പ്തന്റെ സൈനികവിജയങ്ങൾ - ചന്ദ്രഗുപ്തന്റെ അന്ത്യം - ചന്ദ്രഗുപ്തന്റെ കാലത്ത് നിലവിലിരുന്ന ഭരണവ്യവസ്ഥ - മന്ത്രിമാർ - ഭരണവകുപ്പുകളും ഉദ്യോഗസ്ഥ ന്മാരും - പ്രാദേശിക ഭരണം - നഗര ഭരണം - സൈനിക സംഘടന - നീതി ന്യായ നിർവ്വഹണം - ധനകാര്യങ്ങൾ - യോഗക്ഷേമപ്രവർത്തനങ്ങൾ - ബിന്ദു സാരൻ - മഹാനായ അശോകൻ (ബി.സി. 274-237) - കലിംഗയുദ്ധം (ബി.സി. 261) - ബുദ്ധമതത്തിനു ചെയ്ത സേവനങ്ങൾ - അശോകന്റെ ധർമ്മം - അശോ കന്റെ ഭരണപരിഷ്കാരങ്ങൾ - ചരിത്രത്തിൽ അശോകനുള്ള സ്ഥാനം - ഭൗതിക സംസ്കാരത്തിന്റെ പ്രചാരം - മൗര്യകാലത്തെ ജീവിതരീതിയും പൊതുവെയുള്ള സാംസ്കാരിക വികാസവും

അദ്ധ്യായം 10 ആഭ്യന്തരകലാപങ്ങളും വിദേശാക്രമണങ്ങളും (ബി.സി. 200-എ.ഡി. 300) 101
മൗര്യസാമ്രാജ്യത്തിന്റെ അന്ത്യം - മൗര്യസാമ്രാജ്യത്തിന്റെ പതനത്തിനുള്ള കാര ണങ്ങൾ - സുംഗവംശം (ബി.സി. 184-72) - സുംഗകാലത്തെ സാംസ്കാരികപുരോ ഗതി - കലിംഗരാജാവായ ഖരവേലൻ (ബി.സി. 174-163) - വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ ഇന്തോ-ഗ്രീക്കുകാരുടെ ഭരണം - ഗ്രീക്ക് ഭരണത്തിന്റെ ഫലങ്ങൾ - ശകന്മാർ (ബി.സി. 130-എ.ഡി. 195) - ഇന്തോ-പാർത്തിയന്മാർ - കുഷാൻ രാജ വംശം - കനിഷ്കൻ (എ.ഡി. 78-120) - കനിഷ്കൻ ബുദ്ധമതത്തിനുവേണ്ടി അനു ഷ്ഠിച്ച സേവനങ്ങൾ - സാഹിത്യം - വാസ്തുശില്പവും പ്രതിമാശില്പവും - കനിഷ്കന്റെ വിദേശനയം - കുഷാൻരാജവംശത്തിന്റെ പതനം - മദ്ധ്യേഷ്യൻ സമ്പർക്കത്തിൽനിന്നുണ്ടായ ഫലങ്ങൾ

അദ്ധ്യായം 11 ശാതവാഹനർ 119
ആന്ധ്രദേശം - ശാതവാഹനർ - ഭരണസമ്പ്രദായം - ഭൗതിക സംസ്കാരത്തിന്റെ വളർച്ച - സാംസ്കാരികവികാസം

അദ്ധ്യായം 12 തമിഴകം സംഘകാലത്ത് 124
പുരാതനത്വം - കരികാലചോളൻ - ചേരന്മാർ - നെടുംചെഴിയ പാണ്ഡ്യൻ - സംഘകാലത്ത് തമിഴകത്തെ ഭരണഘടനയും ജീവിതരീതിയും - സാമൂഹ്യജീ വിതം - ആര്യവത്കരണം - സാമ്പത്തിക വ്യവസ്ഥിതി - ലോകമതങ്ങളുടെ ആഗ മനം

അദ്ധ്യായം 13 മൗര്യാനന്തരകാലത്തെ സാമ്പത്തികരംഗം 133
കരകൗശലങ്ങൾ - വ്യവസായി-വ്യാപാരി സംഘങ്ങൾ - ഇന്തോ-റോമൻ വ്യാപാരം - നഗരങ്ങളുടെ വളർച്ച

അദ്ധ്യായം 14 ഗുപ്തസാമ്രാജ്യം 137
ഗുപ്തകാലചരിത്രസാമഗ്രികൾ - ചന്ദ്രഗുപ്തൻ ഒന്നാമൻ (എ.ഡി. 320-330) - സമു ദ്രഗുപ്തൻ (എ.ഡി. 330-380) - സമുദ്രഗുപ്തന്റെ സൈനികനേട്ടങ്ങൾ - സമുദ്രഗു പ്തന്റെ വിദേശബന്ധങ്ങൾ - സമുദ്രഗുപ്തനു ചരിത്രത്തിലുള്ള സ്ഥാനം - സമു ദ്രഗുപ്തവിക്രമാദിത്യൻ (എ.ഡി. 380-413) - വാകാടകരുമായുള്ള ബന്ധം - ശക ന്മാർക്കെതിരായ യുദ്ധം - ചരിത്രത്തിൽ സമുദ്രഗുപ്തന്റെ സ്ഥാനം - പില്ക്കാല ഗുപ്തരാജാക്കന്മാരും ഗുപ്തസാമ്രാജ്യത്തിന്റെ പതനവും - ഗുപ്തസാമ്രാജ്യത്തിന്റെ പതനത്തിനുള്ള കാരണങ്ങൾ - ഗുപ്തകാലത്തെ ഭരണസമ്പ്രദായം - സാമൂഹ്യ വ്യവസ്ഥ - സാമ്പത്തിക സ്ഥിതി

അദ്ധ്യായം 15 ഗുപ്തകാലത്തെ സാംസ്കാരികവികാസം 148
നവോത്ഥാനമോ? - മതം - സാഹിത്യം - ശാസ്ത്രം - കലകൾ - ഗുപ്തകാലം യഥാർത്ഥത്തിൽ സുവർണ്ണകാലംതന്നെ ആയിരുന്നുവോ?

അദ്ധ്യായം 16 തത്ത്വശാസ്ത്ര സിദ്ധാന്തങ്ങളും ശാസ്ത്രരംഗത്തെ നേട്ടങ്ങളും 153
ഷഡ്ദർശനങ്ങൾ - ന്യായം - വൈശേഷികം - സാംഖ്യം - യോഗം - മീമാംസ - വേദാന്തം - ഭൗതികസിദ്ധാന്തങ്ങൾ - പുരുഷാർത്ഥങ്ങൾ - ശാസ്ത്രരംഗത്തെ നേട്ട ങ്ങൾ - ഗണിതശാസ്ത്രം - ജ്യോതിശ്ശാസ്ത്രം - ഊർജ്ജതന്ത്രം - രസതന്ത്രം തുട ങ്ങിയവ - വൈദ്യശാസ്ത്രം

അദ്ധ്യായം 17 ഇന്ത്യൻസംസ്കാരം വിദേശത്ത് 161
ശ്രീലങ്ക (സിലോൺ) - നീപ്പാൾ - ടിബറ്റ് - അഫ്ഗാനിസ്ഥാൻ - മദ്ധ്യേഷ്യ, ചൈന എന്നീ പ്രദേശങ്ങൾ - സുമാത്ര - ജാവ - ബാലിയും ബോർണിയോവും - മലയ - തൈലാൻണ്ട് - കംബോഡിയ - ചമ്പ - ദക്ഷിണപൂർവ്വേഷ്യയിലെ സാമൂഹി ക-സാംസ്കാരിക ജീവിതത്തെ ഇന്ത്യൻ സംസ്കാരം പൊതുവേ എങ്ങനെ സ്വാധീ നിച്ചു?

അദ്ധ്യായം 18 വാകാടകരും ഹൂണന്മാരും 169
വാകാടകർ - ഹൂണന്മാർ - ഹൂണന്മാരുടെ ആക്രമണഫലങ്ങൾ - മാൾവയിലെ യശോധർമ്മൻ

അദ്ധ്യായം 19 ശ്രീഹർഷന്റെ കാലം (എ.ഡി. 550-650) 173
ചരിത്രസാമഗ്രികൾ - ഹർഷവർദ്ധനൻ (എ.ഡി.606-647) - ഹർഷന്റെ സൈനിക നേട്ടങ്ങൾ - സാഹിത്യം - ഹർഷനും ബുദ്ധമതവും - ഹർഷന് ചരിത്രത്തിലുള്ള സ്ഥാനം - ഹർഷന്റെ കാലത്തെ ഭരണരീതിയും സമുദായവും - മതം - സാമൂഹ്യ വ്യവസ്ഥ - സാമ്പത്തികസ്ഥിതി - സാംസ്കാരികവികാസം - നാളന്ദ സർവകലാശാല

അദ്ധ്യായം 20 ചാലൂക്യർ 181
വാതാപിയിലെ പടിഞ്ഞാറെ ചാലൂക്യർ - പുലകേശി ഒന്നാമൻ - കീർത്തിവർദ്ധൻ - മംഗളേശൻ - പുലകേശി രണ്ടാമൻ (609-642) - പടിഞ്ഞാറെ ചാലൂക്യരുടെ സേവനങ്ങൾ - വേങ്ങിയിലെ കിഴക്കെ ചാലൂക്യന്മാർ - കല്യാണിയിലെ പില്ക്കാല ചാലൂക്യന്മാർ (973-1200) - സോമേശ്വരൻ ഒന്നാമൻ - വിക്രമാദിത്യൻ

അദ്ധ്യായം 21 രാഷ്ട്രകൂടർ 187
ഉത്ഭവം- കൃഷ്ണൻ ഒന്നാമൻ - ധ്രുവൻ - ഗോവിന്ദൻ മൂന്നാമൻ - അമോഘവർഷൻ - പില്ക്കാല രാജാക്കന്മാർ - ഭരണസംവിധാനം - രാഷ്ട്രകൂടരുടെ സാംസ്കാരിക സംഭാവനകൾ

അദ്ധ്യായം 22 പല്ലവർ 193
ഉത്ഭവം - സിംഹവിഷ്ണു - മഹേന്ദ്രവർമ്മൻ ഒന്നാമൻ - നരസിംഹവർമ്മൻ - പില്ക്കാല പല്ലവരാജാക്കന്മാർ - പല്ലവന്മാരുടെ കാലത്തെ ഭരണവ്യവസ്ഥ - സാഹിത്യവും വിദ്യാഭ്യാസവും - കലകൾ - തമിഴ് ഭക്തിപ്രസ്ഥാനം - സാമൂഹ്യവ്യവസ്ഥിതി - ഗ്രാമീണസമ്പദ്ഘടന - ക്ഷേത്രങ്ങൾ വഹിച്ച പങ്ക്

അദ്ധ്യായം 23 യാദവ-കാകതീയ-ഹോയ്സാല രാജ്യങ്ങൾ 202
യാദവർ - കാകതീയർ - ഹോയ്സാലന്മാർ

അദ്ധ്യായം 24 ചോളസാമ്രാജ്യം 206
വിജയാലയൻ - പരാന്തകൻ - രാജരാജൻ ഒന്നാമൻ - രാജേന്ദ്രൻ ഒന്നാമൻ - പില്ക്കാലചോളരാജാക്കന്മാർ - കുലോത്തുംഗചോളൻ - ചോളന്മാരുടെ കാലത്തെ ഭരണവ്യവസ്ഥയും സാംസ്കാരികവികാസവും - ഗ്രാമീണസ്വയംഭരണം - നികുതിഘടന-നീതിന്യായം-സൈന്യം-മതം-വിദ്യാഭ്യാസം - സാഹിത്യം - കല

അദ്ധ്യായം 25 പാണ്ഡ്യന്മാർ 215
പാണ്ഡ്യശക്തിയുടെ വളർച്ച - പാണ്ഡ്യരുടെ ശക്തിക്ഷയം - പാണ്ഡ്യരാജ്യത്തെ സ്ഥിതിഗതികൾ

അദ്ധ്യായം 26 ചേരന്മാർ 218
കുലശേഖരവർമ്മ - രാജശേഖരൻ - സ്ഥാണുരവിവർമ്മ - രാമവർമ്മ - ഗോദരവിവർമ്മ - ഇന്ദുക്കോതവർമ്മ - ഭാസ്കര രവിവർമ്മ ഒന്നാമനും രണ്ടാമനും - വീരകേരളൻ - രാമവർമ്മ കുലശേഖരൻ - ചേരസാമ്രാജ്യത്തിലെ ഭരണരീതിയും സമുദായവും - മതം - സാഹിത്യവും വിജ്ഞാനവും - കച്ചവടം

അദ്ധ്യായം 27 ഉത്തരേന്ത്യ - മൂന്ന് സാമ്രാജ്യങ്ങളുടെ കാലഘട്ടം (എ.ഡി. 750-1000) 225
പാലർ - പ്രതിഹാരർ - രാഷ്ട്രീയവ്യവസ്ഥിതി

അദ്ധ്യായം 28 രജപുത്രർ 229
രജപുത്രരുടെ ഉത്ഭവം - രാഷ്ട്രീയ-സാമൂഹ്യവ്യവസ്ഥിതി - മതം - സാഹിത്യവും കലകളും

അദ്ധ്യായം 29 ഇന്ത്യൻ ജീവിതവും സംസ്കാരവും എ.ഡി. 800 മുതൽ 1200 വരെ 232
വാണിജ്യവും വ്യാപാരവും - ഫ്യൂഡൽ വ്യവസ്ഥിതി - ജാതിസമ്പ്രദായം - വസ്ത്രധാരണം, ആഹാരരീതി തുടങ്ങിയവ - വിദ്യാഭ്യാസവും വിജ്ഞാനവും - മതാശയങ്ങളും വിശ്വാസങ്ങളും - മതാചാര്യന്മാർ - ശങ്കരൻ - രാമാനുജൻ - മാധ്വൻ - ബാസവൻ

അദ്ധ്യായം 30 അറബികളുടെ സിൻഡ് ആക്രമണം 240
കാസിമിന്റെ സിൻഡ് ആക്രമണം - അറബി ആധിപത്യത്തിന്റെ അധഃപതനം - അറബി ആക്രമണത്തിന്റെ ഫലങ്ങൾ

അദ്ധ്യായം 31 മുഹമ്മദ് ഘസ്നി 244
മുഹമ്മദ് ഘസ്നിയുടെ ഇന്ത്യനാക്രമണങ്ങൾ - ഘസ്നിയുടെ നേട്ടങ്ങൾ ഒരു വിലയിരുത്തൽ

അദ്ധ്യായം 32 മുഹമ്മദ് ഘോറി (1176-1209) 248
മുഹമ്മദ് ഘോറിയുടെ ആക്രമണങ്ങൾ - മുഹമ്മദ് ഘസ്നിയും മുഹമ്മദ് ഘോറിയും: ഒരു താരതമ്യപഠനം - തുർക്കികളുടെ വിജയത്തിനുള്ള കാരണങ്ങൾ

അദ്ധ്യായം 33 അടിമരാജവംശം (1206-1290) 253
കുത്ത്ബുദ്ദീൻ (1206-1210) - ആൾടമിഷ് (1210-1235) - സുൽത്താന റസിയ - ഘിയാസുദ്ദീൻ ബാൽബൻ (1266-1286) - ബാൽബന്റെ ലക്ഷ്യങ്ങൾ - ബാൽബന്റെ ഭരണപരിഷ്കാരങ്ങൾ - സൈനിക പ്രവർത്തനങ്ങൾ - ചരിത്രത്തിൽ ബാൽബനുള്ള സ്ഥാനം - അടിമകളുടെ ഇടയിൽ നിലവിലിരുന്ന പിൻതുടർച്ചാക്രമം

അദ്ധ്യായം 34 കിൽജിവംശം 263
ജലാലുദ്ദീൻ കിൽജി (1290-1296) - അലാവുദ്ദീൻ കിൽജി (1296-1316) - അലാവുദ്ദീന്റെ സൈനികവിജയങ്ങൾ - ഭരണപരിഷ്കാരങ്ങൾ - കാർഷികനയം - സൈനികഘടനയും കമ്പോളനിയമങ്ങളും - അലാവുദ്ദീന്റെ നേട്ടങ്ങൾ - ഒരു വിലയിരുത്തൽ - കിൽജിവംശാധഃപതനം (1316-1320)

അദ്ധ്യായം 36 മുഹമ്മദ്ബിൻ തുഗ്ലക്ക് (1325-51) 271
മുഹമ്മദ് തുഗ്ലക്കിന്റെ സ്വഭാവം - ഭരണപരിഷ്കാരങ്ങൾ - മുഹമ്മദ് തുഗ്ലക്കിന്റെ പരാജയത്തിനുണ്ടായ കാരണങ്ങൾ

അദ്ധ്യായം 37 ഫിറോസ്ഷാ തുഗ്ലക്ക് (1351-1388) 276
ഫിറോസ് ഷായുടെ ഭരണപരിഷ്കാരങ്ങൾ - ഫിറോസിന് ചരിത്രത്തിലുള്ള സ്ഥാനം

അദ്ധ്യായം 37 സുൽത്താൻഭരണത്തിന്റെ അധഃപതനം 280
ടൈമൂറിന്റെ ഇന്ത്യനാക്രമണം - സയ്യിദ്, ലോദിവംശങ്ങൾ - സുൽത്താൻഭരണത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ

അദ്ധ്യായം 38 ദൽഹിസാമ്രാജ്യത്തിലെ രാഷ്ട്രീയഘടനയും സാംസ്കാരിക പുരോഗതിയും 283
സുൽത്താൻഭരണത്തിന്റെ സ്വഭാവം - മതസ്വാതന്ത്ര്യം എത്രത്തോളം? - ഭരണസംവിധാനം - സാമ്പത്തികരംഗം - സാമൂഹികജീവിതം - ഹിന്ദു-മുസ്ലിം സംസ്കാരങ്ങളുടെ പരസ്പരപ്രവർത്തനം - വാസ്തുശില്പം - സാഹിത്യം

അദ്ധ്യായം 39 മദ്ധ്യകാല ഇന്ത്യയിലെ മതപ്രസ്ഥാനങ്ങൾ 295
ഭക്തിപ്രസ്ഥാനം - ഭക്തിമാർഗ്ഗത്തിന്റെ ഉപജ്ഞാതാക്കൾ - ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ - സൂഫിപ്രസ്ഥാനം - ചിഷ്ടി, സുഹ്രവർദി വിഭാഗങ്ങൾ

അദ്ധ്യായം 40 ബാമിനിരാജ്യം 301
ആദ്യകാല ബാമിനിസുൽത്താന്മാർ - മുഹമ്മദ് ഗവൻ - ബാമിനിരാജ്യത്തിലെ ഭരണവും സംസ്കാരവും

അദ്ധ്യായം 41 വിജയനഗരസാമ്രാജ്യം 305
സാമ്രാജ്യസ്ഥാപനം - വിജയനഗരസാമ്രാജ്യത്തിന്റെ വളർച്ച - സാളുവരാജവംശം - കൃഷ്ണദേവരായർ (1509-1529) - ചരിത്രത്തിൽ കൃഷ്ണദേവരായർക്കുള്ള സ്ഥാനം - തളിക്കോട്ട (ബന്നിഹട്ടി) യുദ്ധം (1565) - തളിക്കോട്ട യുദ്ധത്തിന്റെ ഫലങ്ങൾ - വിജയനഗരത്തിന്റെ പില്ക്കാലചരിത്രം - വിജയനഗരത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ - വിജയനഗരസാമ്രാജ്യത്തിലെ ഭരണസമ്പ്രദായം - സാമ്പത്തികവ്യവസ്ഥിതി - സാമൂഹ്യ വ്യവസ്ഥിതി - വിജയനഗരസാമ്രാജ്യത്തിന്റെ സാംസ്കാരിക സംഭാവനകൾ - മതം - സാഹിത്യം - ശില്പകലയും വാസ്തുവിദ്യയും

അദ്ധ്യായം ഒന്ന്

പ്രാചീന ഇന്ത്യാചരിത്രത്തിന്റെ പ്രാധാന്യം

പ്രാചീന ഇന്ത്യാചരിത്രപഠനം, ഏതു കാഴ്ചപ്പാടിൽക്കൂടി നോക്കിയാലും, പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പുരാതനത്വവും വൈവിദ്ധ്യവുംകൊണ്ടു ലോകജനതയുടെതന്നെ സവിശേഷശ്രദ്ധ ആർജിച്ചിട്ടുള്ള സമ്പന്നമായ ഒരു സങ്കലിതസംസ്കാരത്തിന്റെ വികാസചിത്രമാണ് ഈ പഠനം കാഴ്ചവയ്ക്കുന്നത്. ഭാഷ, സാഹിത്യം, കല, മതം, തത്ത്വചിന്ത, രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥിതി, സമ്പദ്ഘടന എന്നീ എല്ലാ മേഖലകളിലും പ്രാചീന ഇന്ത്യ അതിന്റെ വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്.

സാംസ്കാരിക പൈതൃകം

പ്രാചീനഇന്ത്യാക്കാർ എഴുത്തും വായനയും അഭ്യസിച്ചിരുന്നു. ചില ലിപികളും ഭാഷകളും അവർ വളർത്തിയെടുത്തു. സാഹിത്യം, കല എന്നീ രംഗങ്ങളിൽ അവർ മികച്ച നേട്ടങ്ങൾ കൈവരിച്ചു. ഋഗ്വേദമാണ് ലോകത്ത് അറിയപ്പെടുന്ന ആദ്യത്തെ സാഹിത്യകൃതി. സംസ്കൃതഭാഷ വളർത്തിയെടുക്കുക വഴി പ്രാചീനഭാരതം മാനവസമുദായത്തിന്റെ സാംസ്കാരിക പൈതൃകത്തെ സമ്പന്നമാക്കി. ഇന്ത്യയിലെ എല്ലാ ഭാഷകൾക്കും സംസ്കൃതഭാഷയോട് കടപ്പാടുണ്ട്. ഭാരതീയ ഇതിഹാസകൃതികളായ 'രാമായണ'വും 'മഹാഭാരത'വും വിശ്വസാഹിത്യത്തിനുള്ള മികച്ച സംഭാവനകളാണ്. ഇന്ത്യയുടെ അതിർത്തിക്കപ്പുറം ഇന്തോനേഷ്യ തുടങ്ങിയ ദക്ഷിണേഷ്യൻ രാജ്യങ്ങളിലും ഇവയ്ക്കു പ്രചാരം ലഭിച്ചു. ഇന്ത്യൻ വാസ്തുശില്പകലയും പ്രതിമാശില്പകലയും ഈ രാജ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തി. കംബോഡിയയിലെ ആങ്കോർവത്തും ഇന്തോനേഷ്യയിലെ ബോറോബുദൂറും ഇതിനുള്ള പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

വിവിധ ഘടകങ്ങൾ സമന്വയിച്ച് രൂപംകൊണ്ട ഒരു സാർവ്വജനീനസംസ്കാരം വളർന്നു വികാസംപ്രാപിച്ചു എന്നതാണ് പ്രാചീനഇന്ത്യാചരിത്രത്തിലെ ശ്രദ്ധേയമായൊരു വസ്തുത. അതിപുരാതനകാലം മുതൽക്കുതന്നെ വിദേശങ്ങളിൽനിന്നു വന്ന പല വർഗ്ഗങ്ങളും മതവിഭാഗങ്ങളും ഇന്ത്യൻസമൂഹത്തിൽ ലയിച്ച് ഇവിടത്തെ സാമൂഹികഘടനയ്ക്കു ശക്തിപകർന്നു. ആര്യന്മാർ, പേർസ്യക്കാർ, ഗ്രീക്കുകാർ, ശകന്മാർ, കുഷാനന്മാർ, ഹൂണന്മാർ, തുർക്കികൾ എന്നിവർ ഇക്കൂട്ടത്തിൽപ്പെടുന്നു. ഇവരോരോരുത്തരും തങ്ങളുടേതായ സ്വാംശീകരണപ്രക്രിയയിലൂടെ ഇന്ത്യൻ സാംസ്കാരിക പാരമ്പര്യത്തെ സമ്പുഷ്ടമാക്കി. ഇന്ത്യൻ സംസ്കാരത്തിന് സവിശേഷ ഓജസ്സും ശക്തിയും കൈവരിക്കാൻ ഇതു പ്രത്യേകം സഹായകമായി.